# ജനമൈത്രി സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട് സെമിനാർ നടത്തി

ജനമൈത്രി സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട് കൊച്ചി റേഞ്ചിനു കീഴിലെ ജില്ലകളിലെ ഉദ്യോഗസ്ഥർക്ക് എറണാകുളം റൂറൽ ജില്ലാ പോലീസ് ഓഫീസിലെ കോൺഫറൻസ് ഹാളിൽ വെച്ച് ഇന്ന് (19.05.2017) സെമിനാർ നടത്തി.

സൗത്ത് സോൺ എ.ഡി.ജി.പി ശ്രീമതി ബി.സന്ധ്യ ഐ.പി.എസ് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയ സെമിനാറിൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എം.പി.ദിനേശ് ഐ.പി.എസ് , എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ്, എറണാകുളം റൂറൽ ജില്ലയിലെ ജനമൈത്രി പദ്ധതിയുടെ നോഡൽ ഓഫീസറും നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി യുമായ വി.കെ.സനിൽകുമാർ, ഡി.വൈ.എസ്.പിമാർ, പോലീസ് ഇൻസ്പെക്ടർമാർ, കൊച്ചി റേഞ്ചിലെ ജനമൈത്രി സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള എസ്.എച്ച്.ഒ മാർ, ജനമൈത്രി ബീറ്റ് ഓഫീസർമാർ, നോഡൽ ഓഫീസർമാർ, എന്നിവരും പങ്കെടുത്തു.

ഇന്ന് നടത്തിയ സെമിനാറിനോടനുബന്ധിച്ച് റൂറൽ ജില്ലാ പോലീസ് ഓഫിസിലെ മുകളിലത്തെ നിലയിൽ ആരംഭിച്ച ജനമൈത്രി റിസോഴ്സ് സെൻ്ററിൻെറ ഉദ്ഘാടനവും എ.ഡി.ജി.പി ശ്രീമതി ബി.സന്ധ്യ ഐ.പി.എസ് അവർകൾ നിർവ്വഹിച്ചു. എറണാകുളം റൂറൽ ജില്ലയിലെ ജനമൈത്രി സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ജനങ്ങൾക്ക് അറിയുന്നതിന് വേണ്ടിയാണ് റിസോഴ്സ് സെൻ്റർ ആരംഭിച്ചിട്ടുള്ളത്.

ഫൗണ്ടേഷൻ ഫോർ പോലീസ് റിസർച്ച് എന്ന സംഘടനയുടെ ആദ്യപുരസ്കാരം പോലീസ് എക്സലൻസ് അവാർഡ് 2017 (ജനമൈത്രി സുരക്ഷ പദ്ധതിക്ക്) കേരള പോലീസിന് ലഭിച്ചിരുന്നു. കഴിഞ്ഞ ദിവസം ഡൽഹിയിൽ വെച്ച് നടന്ന ചടങ്ങിൽ ഈ ഉപഹാരം എ.ഡി.ജി.പി ശ്രീമതി ബി.സന്ധ്യ ഐ.പി.എസ് ഏറ്റുവാങ്ങി. ജനമൈത്രി ബീറ്റ് സമ്പ്രദായം ശക്തിപ്പെടുത്തി എല്ലാ ബീറ്റ് ഓഫീസർമാരും അവരവരുടെ ബീറ്റിലെ ജനങ്ങളെ എല്ലാവരെയും വ്യക്തമായി അറിയുന്ന നിലയിലേക്ക് എത്തിച്ചേരണമെന്ന് സെമിനാറിൽ എ.ഡി.ജി.പി നിർദ്ദേശിച്ചു. കൂടാതെ സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള കുറ്റ കൃത്യങ്ങളും, മദ്യത്തിൻെറയും, മയക്കുമരുന്നിൻെറയും ഉപയോഗം നിയന്ത്രിക്കുന്നതിനും, ഇൻ്റലിജെൻസ് കളക്ഷനും ജനമൈത്രി ബീറ്റ് സമ്പ്രദായം ശക്തിപ്പെടുത്തുക വഴി സാധിക്കുമെന്ന് എ.ഡി.ജി.പി അഭിപ്രായപ്പെട്ടു.